പതിനാലാം കേരള നിയമസഭ

15-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1437 11.06.2019-ൽ മറുപടിക്ക്

വളാഞ്ചേരി നഗരസഭയ്ക്ക് കൈമാറിയിട്ടുള്ള ടൂറിസ്റ്റ് ബംഗ്ലാവ്

ചോദ്യം | ഉത്തരം

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. ഇ. ചന്ദ്രശേഖരൻ
(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) വളാഞ്ചേരി നഗരസഭയ്ക്ക് കൈമാറിയിട്ടുള്ള ടൂറിസ്റ്റ് ബംഗ്ലാവ് ഉപയോഗിക്കുന്നതിലെ വ്യവസ്ഥ കൾ ഇളവ് ചെയ്യുന്നതിനു വേണ്ടി നഗരസഭ അധികൃതർ റവന്യൂ വകുപ്പിന് നൽകിയ നിവേദനത്തിൽ റവന്യൂ വകുപ്പ് സ്വീകരിച്ച നടപടി കൾ അറിയിക്കുമോ;

(ബി) 150/P3/2017/റവന്യൂ എന്ന ഫയലിൽ കമ്മീഷണർ ഓഫ് ലാന്റ് റവന്യൂ, മലപ്പുറം കളക്ടർ എന്നിവർ സ്വീകരിച്ച നടപടികൾ അറിയി ക്കുമോ; ഫയൽ കോപ്പികൾ ലഭ്യമാക്കുമോ;

(സി) ഇത് സംബന്ധിച്ച നിവേദനം എന്നാണ് റവന്യൂ വകുപ്പിന് ലഭിച്ചത്; റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

(എ) (ബി) (സി) വളാഞ്ചേരി നഗരസഭയ്ക്ക് കൈമാറിയിട്ടുള്ള ടൂറിസ്റ്റ് ബംഗ്ലാവ് ഉപയോഗിക്കുന്നതിലെ വ്യവസ്ഥകൾ ഇളവ് ചെയ്യുന്നതിനു വേണ്ടി നഗരസഭ റവന്യൂ വകുപ്പിന് നൽകിയ നിവേദനം 01.08.2017-ൽ ലഭിച്ചു. ടി നിവേദനത്തിൻമേൽ മലപ്പുറം ജില്ലാ കളക്ടറോട് റിപ്പോർട്ട് ലഭ്യമാക്കുവാൻ 07.09.2017-ൽ ആവശ്യപ്പെട്ടിരുന്നു. ലാന്റ് റവന്യൂ കമ്മീഷണർ മുഖേന മലപ്പുറം ജില്ലാ കളക്ടർ റിപ്പോർട്ട് 10.01.2019-ൽ ലഭ്യമാക്കിയിട്ടുണ്ട്. 08.01.1972-ലെ G.O(Ms) No.12/72/RD നമ്പർ ഉത്തരവും, 17.07.1974-ലെ G.O(Ms) No.730/74/RD നമ്പർ പ്രകാരമുള്ള ഉത്തരവുകളിലെ അധിക വ്യവസ്ഥകൾ ഒഴിവാക്കി നൽകുന്നതിന് തടസ്സമുണ്ടോ എന്ന് പരിശോധിച്ച് വ്യക്തമായ ശുപാർശ സഹിതം സമർപ്പി ക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണറോട് 08.04.2019-ൽ ആവശ്യപ്പെട്ടിട്ടുണ്ട്. ടി ശുപാർശ ഇതുവരെ ലഭ്യമായിട്ടില്ല. ലാന്റ് റവന്യൂ കമ്മീഷണർ ജില്ലാ കളക്ടറോടും ജില്ലാ കളക്ടർ തിരൂർ തഹസ്സീൽദാരോടും റിപ്പോർട്ട് ആവശ്യ പ്പെട്ടിട്ടുണ്ട്. REV-P3/150/2017 നമ്പർ ഫയലിന്റെ ബന്ധപ്പെട്ട പേജുകളുടെ കോപ്പികൾ അനുബന്ധമായി ഇതോ ടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

3187696/2019/REV

അനുബന്ധം

12

എൽ.ആർ.ജെ5-60357/18

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
പബ്ലിക് ഓഫീസ് കോമ്പൗണ്ട്,
റവന്യൂ കോംപ്ലക്സ്, തിരുവനന്തപുരം,
തീയതി: 10.01.2019.

കമ്മീഷണർ,
ലാൻഡ് റവന്യൂ.

അഡീഷണൽ ചീഫ് സെക്രട്ടറി,
റവന്യൂ (എൽ) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

സർ,

വിഷയം: മലപ്പുറം - തിരൂർ താലൂക്ക് വളാഞ്ചേരിയിലെ ടൂറിസ്റ്റ് ബംഗ്ലാവ് കൈമാറിയ അവസരത്തിലെ ഗവൺമെന്റ് ഉത്തരവിലെ നിബന്ധനകൾ ലഘൂകരിക്കുന്നത് - സംബന്ധിച്ച്.

സൂചന: മലപ്പുറം ജില്ലാ കളക്ടറുടെ 12.11.18-ലെ ബി4-11918/18 നമ്പർ കത്ത്.

സൂചനയിലേയ്ക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു. തിരൂർ താലൂക്കിലെ വളാഞ്ചേരി നഗരസഭാ പരിധിയിലെ ടൂറിസ്റ്റ് ബംഗ്ലാവ് കൈമാറിയ അവസരത്തിലുണ്ടാക്കിയ നിബന്ധനകൾലഘൂകരിക്കണമെന്നാവശ്യപ്പെട്ട് മലപ്പുറം ജില്ലാ കളക്ടർ സൂചന പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

08.01.1972-ലെ ജി.ഒ.(എം.എസ്)12/72/ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരമാണ് വെക്കത്തൂർ ടൂറിസ്റ്റ് ബംഗ്ലാവ് അന്നത്തെ കാട്ടിപ്പരുത്തി പഞ്ചായത്തിന് കൈമാറി നൽകിയിരുന്നതെന്നും പ്രസ്തുത കെട്ടിടം കാലപ്പഴക്കത്താൽ ജീർണ്ണിച്ചുപോയിട്ടുള്ളതായും, ശേഷിപ്പുകൾ നശിച്ചതായും ടി ബംഗ്ലാവിലേയ്ക്ക് അനുവദിക്കപ്പെട്ട വാച്ചർ തസ്തിക നിർത്തലാക്കിയിട്ടുള്ളതുമാണ് എന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ടൂറിസ്റ്റ് ബംഗ്ലാവിന്റെ പ്രവർത്തനങ്ങൾക്കല്ലാതെ ഭൂമി മറ്റൊരു ആവശ്യത്തിനും ഉപയോഗിക്കരുതെന്ന് മേൽ നമ്പർ ഗവൺമെന്റ് ഉത്തരവിൽ നിബന്ധനയായി ചേർത്തിട്ടുള്ളതാണ്. മേൽ വ്യവസ്ഥ ഒഴിവാക്കി കിട്ടുന്നതിന് വേണ്ടി നഗരസഭാ ചെയർ പേഴ്സൺ ബഹു. റവന്യൂ മന്ത്രിക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. കാട്ടിപ്പരുത്തി പഞ്ചായത്ത് വളാഞ്ചേരി പഞ്ചായത്തായും അതിന് ശേഷം മുനിസിപ്പാലിറ്റിയായും മാറിയിട്ടുള്ളതാണ്.

നിലവിൽ മുനിസിപ്പാലിറ്റി പ്രവർത്തക്കുന്ന കെട്ടിടം സൗകര്യം കുറഞ്ഞതാണെന്നും ടൂറിസ്റ്റ് ബംഗ്ലാവ് നിലനിന്നിരുന്ന സ്ഥലത്ത് നഗര സഭയ്ക്ക് ടൂറിസ്റ്റ് ബംഗ്ലാവിന് കെട്ടിടവും, സെക്രട്ടറിയുടെ ക്വാർട്ടേഴ്സ് ഉൾപ്പെടെ കെട്ടിടം

പണിയുന്നതിന് ജീർണ്ണിച്ചുപോയ ടൂറിസ്റ്റ് ബംഗ്ലാവ് നിലനിന്നിരുന്ന സ്ഥലം ഉപയോഗിക്കുന്നതിന് മേൽ നമ്പർ ഉത്തരവിലെ നിബന്ധനകൾ ലഘൂകരിക്കുന്നതിലേയ്ക്കായി ജില്ലാ കളക്ടർ സൂചന പ്രകാരം ശുപാർശ ചെയ്തിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ 08.01.72 ലെ ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവിലെ നിബന്ധനകൾ ലഘൂകരിച്ചുകൊണ്ട് പ്രസ്തുത ഭൂമിയിൽ പുതിയ ടൂറിസ്റ്റ് ബംഗ്ലാവും ക്വാർട്ടേഴ്സും പണിയുന്ന വിഷയത്തിൽ സർക്കാർ തലത്തിൽ ഉത്തരവ് ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,
(ഒപ്പ്)
ജോയിന്റ് കമ്മീഷണർ

അംഗീകാരത്തോടെ,

സബിൻ സമീദ്
അസിസ്റ്റന്റ് കമ്മീഷണർ (എൽ.എ.)
കമ്മീഷണർക്കുവേണ്ടി.

റ്റി3.

"ഭരണഭാഷ-
മാതൃഭാഷ"

കേരള സർക്കാർ

റവന്യൂ (പി) വകുപ്പ്

നമ്പർ.-REV-P3/150/2017

08/04/2019,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മിഷണർ,
തിരുവനന്തപുരം

സർ,

വിഷയം:- വളാഞ്ചേരിയിലെ ടൂറിസ്റ്റ് ബംഗ്ലാവ് കൈമാറിയ അവസരത്തിൽ ഉത്തരവിലെ നിബന്ധനകൾ ലഘൂകരിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് സ്പഷ്ടീകരണം ലഭ്യമാക്കുന്നത് - സംബന്ധിച്ച്

സൂചന:-

1. 08.01.1972-ലെ GO(Ms)No. 12/72/RD നമ്പർ സർക്കാർ ഉത്തരവ്.
2. 17.07.1974-ലെ GO(Ms)No. 730/74/RD നമ്പർ സർക്കാർ ഉത്തരവ്.
3. 1.08.2017-ൽ വളാഞ്ചേരി നഗരസഭാ ചെയർമാൻ സമർപ്പിച്ച അപേക്ഷ.
4. 10.1.2019 ലെ ലാൻഡ് റവന്യൂ കമ്മിഷണറുടെ LRJ5/60357/2018 നം കത്ത്

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന(3) പ്രകാരം ടൂറിസ്റ്റ് ബംഗ്ളാവും കോമ്പൗണ്ടും ടൂറിസ്റ്റ് ബംഗ്ളാവിന്റെ ആവശ്യത്തിലേക്ക് മാത്രമായി ഉപയോഗിക്കണമെന്നുള്ള നിബന്ധന മാറ്റി പുതിയ നഗരസഭാ കാര്യാലയം പണിയുന്നതിനും നിശ്ചിത സ്ഥലത്തു സെക്രട്ടറിയുടെ ക്വാർട്ടേഴ്സും അതിനൊപ്പം ടി ബി യ്ക്കായി കെട്ടിടവും നിർമ്മിക്കുന്നതിനും അനുവാദം നല്കികൊണ്ട് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കാൻ ആവശ്യപ്പെട്ടിരുന്നു.

സൂചന (1) പ്രകാരമുള്ള സർക്കാർ ഉത്തരവ് പ്രകാരമാണ് ഭൂമി

കാട്ടിപ്പരുത്തി പഞ്ചായത്തിന് (ഇപ്പോൾ വളാഞ്ചേരി നഗരസഭയായി മാറിയിട്ടുണ്ട്) വ്യവസ്ഥകൾക്ക് വിധേയമായി സൗജന്യമായി നൽകിയിരുന്നത്. അതിനുശേഷം സൂചന (റ) പ്രകാരമുള്ള സർക്കാർ ഉത്തരവ് പ്രകാരമാണ് ഭൂമി ഉപയോഗം സംബന്ധിച്ച് അധികമായി രണ്ട് നിബന്ധനകൾ കൂടി ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത നിബന്ധനകൾ ഒഴിവാക്കി നൽകുന്നതിനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. സർക്കാർ ഉത്തരവിൽ കൈമാറ്റം ചെയ്ത ഭൂമിയുടെ വിസ്തീർണ്ണമോ മറ്റ് വിവരങ്ങളോ രേഖപ്പെടുത്തിയിട്ടില്ല. ഭൂമി കൈമാറിയിരിക്കുന്നത് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന തദ്ദേശ സ്ഥാപനങ്ങൾക്ക് ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള ചട്ടങ്ങൾ പ്രകാരമാണ്. നിലവിൽ പഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കും ഭൂമി സൗജന്യമായി കൈമാറ്റം ചെയ്തു നൽകുന്നില്ല.

ഇക്കാര്യങ്ങൾ കൂടി കണക്കിലെടുത്ത് 1972-ലെയും 1974-ലെയും ഉത്തരവുകൾ പ്രകാരമാണ് ഭൂമി വ്യവസ്ഥകൾക്ക വിധേയമായി കൈമാറ്റം ചെയ്ത് നൽകിയിട്ടുള്ളതെന്ന വസ്തുത പരിഗണിച്ച് നഗരസഭ ആവശ്യപ്പെട്ടിരിക്കുന്ന പ്രകാരം അധിക വ്യവസ്ഥകൾ ഒഴിവാക്കി നൽകുന്നതിന് തടസ്സമുണ്ടോയെന്ന് പരിശോധിച്ച് വ്യക്തമായ ശിപാർശ അടിയന്തിരമായി സമർപ്പിക്കുന്നതിന് താത് പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
**ജാഫർഖാൻ എസ്**
**അണ്ടർ സെക്രട്ടറി**
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

കാട്ടിപ്പരുത്തി പഞ്ചായത്ത് ആദ്യം വളാഞ്ചേരി പഞ്ചായത്ത് ആയിട്ടുള്ളതും പിന്നീട് മുൻസിപ്പാലിറ്റി ആയി മാറിയിട്ടുള്ളതുമാ..

പ്രസ്തുത ആവശ്യത്തിലേയ്ക്ക് മല ം ജില്ലാ കളക്ടറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ടിൽ വളാഞ്ചേരി നഗരസഭയ്ക്ക് കൈമാറിയിട്ടുള്ള വളാഞ്ചേരി ടൂറിസ്റ്റ് ബംഗ്ളാവ് സ്ഥലം ഉപയോഗിക്കുന്നതിലെ നിബന്ധനകൾ ലഘൂകരിച്ച് പുതിയ നഗരസഭാ കാര്യാലയം പണിയുന്നതിനും നിശ്ചിത സ്ഥലത്തു സെക്രട്ടറിയുടെ ക്വാർട്ടേഴ്സും അതിനൊപ്പം ടി ബി യ്ക്കായി കെട്ടിടവും നിർമ്മിക്കുന്നതിനും അനുവാദം നൽകുവാൻ വന്നാവശ്യപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ 08.01.72-ലെ GO(Ms)No.12/72/RD നമ്പർ ഉത്തരവ് നിബന്ധനകൾ ലഘൂകരിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കാമോ എന്നതിൽ ഉത്തരവിനായി ബഹു റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയ്ക്ക് ചംക്രമണം ചെയ്യാവുന്നതാണ്.

**13/02/2019 2:40 PM**

**ARUNA.S**
**(SG-ASST (P3) REV)**

**Note No. #17**

ചംക്രമണ കുറിപ്പ്

വളാഞ്ചേരി നഗരസഭയ്ക്ക് കൈമാറിയിട്ടുള്ള വളാഞ്ചേരി ടൂറിസ്റ്റ് ബംഗ്ളാവ് സ്ഥലം ഉപയോഗിക്കുന്നതിലെ നിബന്ധനകൾ ലഘൂകരിച്ച് പുതിയ നഗരസഭാ കാര്യാലയം പണിയുന്നതിന് അനുവാദം നൽകുന്നത് സംബന്ധിച്ച വിഷയമാണ് ഈ ഫയലിൽ കൈകാര്യം ചെയ്യുന്നത്. 08.01.72- ലെ GO(Ms)No.12/72/RD നമ്പർ ഉത്തരവ് പ്രകാരം (see page 13cf) വളാഞ്ചേരി, വൈക്കത്തൂരിൽ പ്രവർത്തിച്ചിരുന്ന ടി ബി കെട്ടിടവും സ്ഥലവും അന്നത്തെ വളാഞ്ചേരി (കാട്ടിപ്പരുത്തി) പഞ്ചായത്തിന് കൈമാറി നല്കിയിരുന്നെന്നും പ്രസ്തുത കെട്ടിടം കാലപ്പഴക്കത്താൽ ജീർണിച്ച പോയിട്ടുള്ളതായും, ശേഷിപ്പുകൾ നശിച്ച ും ടി ബംഗ്ളാവിലേയ്ക്ക് അനുവദിക്കപ്പെട്ടിരുന്ന വാച്ചർ തസ്തിക നിർത്തലാക്കിയിട്ടുണ്ടെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.കാട്ടിപ്പരുത്തി പഞ്ചായത്ത് ആദ്യം വളാഞ്ചേരി പഞ്ചായത്ത് ആയിട്ടുള്ളതും പിന്നീട് മുൻസിപ്പാലിറ്റി ആയി മാറിയിട്ടുള്ളതുമാണ്. 17.07.74-ലെ GO(Ms)No.730/74/RD നമ്പർ ഉത്തരവ് പ്രകാരം (see page 14cf) കൈമാറ്റത്തിന് പുതുതായി രണ്ടു നിബന്ധനകൾ കൂടി ഉൾപ്പെടുത്തിയിരുന്നു; അതായത് ടൂറിസ്റ്റ്

ബംഗ്ലാവും കോമ്പൗണ്ടും ടൂറിസ്റ്റ് ബംഗ്ലാവിന്റെ ആവശ്യത്തിലേക്ക് മാത്രമായി ഉപയോഗിക്കണമെന്നും വാച്ച്മാന്റെ ശമ്പളം പഞ്ചായത്ത് നൽകണമെന്നും.

ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ടിൽ വളാഞ്ചേരി നഗരസഭയ്ക്ക് കൈമാറിയിട്ടുള്ള വളാഞ്ചേരി ടൂറിസ്റ്റ് ബംഗ്ലാവ് സ്ഥലം ഉപയോഗിക്കുന്നതിലെ നിബന്ധനകൾ ലഘൂകരിച്ച് പുതിയ നഗരസഭാ കാര്യാലയം പണിയുന്നതിനും സെക്രട്ടറിയുടെ ക്വാർട്ടേഴ്സും അതിനൊപ്പം ടി ബി യ്ക്കായി കെട്ടിടവും നിർമ്മിക്കുന്നതിനും അനുവാദം നൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ 08.01.72- ലെ GO(Ms)No.12/72/RD നമ്പർ ഉത്തരവിലെ ടൂറിസ്റ്റ് ബംഗ്ലാവും കോമ്പൗണ്ടും ടൂറിസ്റ്റ് ബംഗ്ലാവിന്റെ ആവശ്യത്തിലേക്ക് മാത്രമായി ഉപയോഗിക്കണമെന്നുള്ള നിബന്ധന മാറ്റി പുതിയ നഗരസഭാ കാര്യാലയം പണിയുന്നതിനും നിശ്ചിത സ്ഥലത്ത് സെക്രട്ടറിയുടെ ക്വാർട്ടേഴ്സും അതിനൊപ്പം ടി ബി യ്ക്കായി കെട്ടിടവും നിർമ്മിക്കുന്നതിനും അനുവാദം നല്കികൊണ്ട്പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കാമോ എന്നതിൽ ഉത്തരവിനായി ബഹു റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയ്ക്ക് ചംക്രമണം ചെയ്യാവുന്നതാണ്.

**23/02/2019 4:13 PM**

**SAJITHA S PANICKER**
**(SO (P) REV)**

**Note No. #18**

**25/02/2019 10:53 AM**

**JAFFERKHAN S**
**(US II (P) REV)**

**Note No. #19**

**25/02/2019 5:31 PM**

**BENCY J**
**(AS II (P) REV)**

**Note No. #20**

**04/03/2019 3:24 PM**

**VENU V**
**(PRL-SECY (REV))**

**Note No. #21**

8-1-1972 -ലെ സർക്കാർ ഉത്തരവ് പ്രകാരമാണ് ഭൂമി കാട്ടിപ്പരുത്തി പഞ്ചായത്തിന് (ഇപ്പോൾ വളാഞ്ചേരി നഗരസഭയായി മാറിയിട്ടുണ്ട്) വ്യവസ്ഥകൾക്ക് വിധേയമായി സൗജന്യമായി നൽകിയിരുന്നത്. അതിനുശേഷം 17.07.1974-ലെ സർക്കാർ ഉത്തരവ് പ്രകാരമാണ് ഭൂമി ഉപയോഗം സംബന്ധിച്ച് അധികമായി രണ്ട് നിബന്ധനകൾ കൂടി ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത നിബന്ധനകൾ ഒഴിവാക്കി നൽകുന്നതിനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. സർക്കാർ ഉത്തരവിൽ കൈമാറ്റം ചെയ്ത ഭൂമിയുടെ വിസ്തീർണ്ണമോ മറ്റു വിവരങ്ങളോ രേഖപ്പെടുത്തിയിട്ടില്ല. ഭൂമി കൈമാറിയിരിക്കുന്നത് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന തദ്ദേശ സ്ഥാപനങ്ങൾക്ക് ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള ചട്ടങ്ങൾ പ്രകാരമെന്നാണ് പറഞ്ഞിരിക്കുന്നത്. മന്ത്രിസഭയുടെ അനുമതിയോടെ യാണോ ഉത്തരവ പുറപ്പെടുവിച്ചിരിക്കുന്നതെന്ന കാര്യത്തിലും വ്യക്തതയില്ല. നിലവിൽ പഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കും ഭൂമി സൗജന്യമായി കൈമാറ്റം ചെയ്തു നൽകുന്നില്ല. ഇക്കാര്യങ്ങൾ കൂടി കണക്കിലെടുത്ത് 1972-ലെയും 1974-ലെയും ഉത്തരവുകൾ പ്രകാരമാണ് ഭൂമി വ്യവസ്ഥകൾക്ക വിധേയമായി കൈമാറ്റം ചെയ്ത് നൽകിയിട്ടുള്ളതെന്ന വസ്തുത പരിഗണിച്ച് നഗരസഭ ആവശ്യപ്പെട്ടിരിക്കുന്ന പ്രകാരം അധിക വ്യവസ്ഥകൾ ഒഴിവാക്കി നൽകുന്നതിന് തടസ്സമുണ്ടോയെന്ന് പരിശോധിച്ച് വ്യക്തമായ ശിപാർശ സഹിതം സമർപ്പിക്കുക.

**21/03/2019 6:00 PM**

**E. CHANDRASEKHARAN**
**(MIN (REV))**

**Note No. #22**

**26/03/2019 9:14 AM**

**VENU V**
**(PRL-SECY (REV))**

**Note No. #23**

**27/03/2019 12:34 PM**

**BENCY J**
**(AS II (P) REV)**

**Note No. #24**

**27/03/2019 12:44 PM**

**JAFFERKHAN S**
**(US II (P) REV)**

**Note No. #25**

**27/03/2019 3:01 PM**

**SAJITHA S PANICKER**
**(SO (P) REV)**

**Note No. #26**

മുൻ ഖണ്ഡികയിലെ ഉത്തരവ് കണ്ടാലും. 1972-ലെയും 1974-ലെയും ഉത്തരവുകൾ പ്രകാരമാണ് ഭൂമി വ്യവസ്ഥകൾക്ക വിധേയമായി കൈമാറ്റം ചെയ്ത് നൽകിയിട്ടുള്ളതെന്ന വസ്തുത പരിഗണിച്ച് നഗരസഭ ആവശ്യപ്പെട്ടിരിക്കുന്ന പ്രകാരം അധിക വ്യവസ്ഥകൾ ഒഴിവാക്കി നൽകുന്നതിന് തടസ്സമുണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഫയൽ നിയമ വകുപ്പിന് നൽകാവുന്നതാണ്. ഉത്തരവിനായി സമർപ്പിക്കുന്നു

**27/03/2019 3:52 PM**

**ARUNA.S**
**(SG-ASST (P3) REV)**

**Note No. #27**

**27/03/2019 4:25 PM**

**SAJITHA S PANICKER**
**(SO (P) REV)**

**Note No. #28**

കു.ഫ. 21-ാം ഖണ്ഡികയിലെ ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലാന്റ് റവന്യൂ കമ്മീഷണറിൽ നിന്നും സ്പഷ്ടീകരണം ആവശ്യപ്പെടാവുന്നതാണ്.

**01/04/2019 12:28 PM**

**JAFFERKHAN S**
**(US II (P) REV)**

**Note No. #29**

**01/04/2019 4:20 PM**

**BENCY J**
**(AS II (P) REV)**

**Note No. #30**

**01/04/2019 5:49 PM**

**JAFFERKHAN S**
**(US II (P) REV)**

**Note No. #31**

**04/04/2019 11:05 AM**

**SAJITHA S PANICKER**
**(SO (P) REV)**

**Note No. #32**

മുൻ ഖണ്ഡികയിലെ ഉത്തരവിന് വിധേയമായി കരട് കത്ത് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**04/04/2019 12:44 PM**

**ARUNA.S**
**(SG-ASST (P3) REV)**

**Note No. #33**

**05/04/2019 4:40 PM**

**SAJITHA S PANICKER**
**(SO (P) REV)**

**Note No. #34**

**06/04/2019 10:34 AM**

സെക്ഷൻഓഫീസർ